## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 877** **06/06/2018-ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി. ദിവാകരൻ<br>ശ്രീമതി. ഇ.എസ്.ബിജിമോൾ<br>,, ഗീതാ ഗോപി<br>ശ്രീ.എൽദോ എബ്രഹാം : | | ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | പട്ടികവർഗ്ഗവിഭാഗക്കാരായ വിദ്യാർത്ഥികൾക്ക് സഹായവും പ്രോത്സാഹനവും നല്കുന്നതിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് സഹായവും പ്രോത്സാഹനവും നൽകുന്നതിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>• പ്രീമെട്രിക് /പോസ്റ്റ്മെട്രിക് തലത്തിൽ പഠനം നടത്തുന്ന പട്ടികവർഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങളുടെ പ്രതിമാസ സ്റ്റൈപ്പന്റ്, ലംപ്സംഗ്രാന്റ് എന്നിവയുടെ നിരക്ക് 25% വർദ്ധിപ്പിച്ചിട്ടുണ്ട്<br>• സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിന് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>• തെരെഞ്ഞെടുക്കപ്പെട്ട പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യുന്ന പദ്ധതിയിൽ 12 പുതിയ കോഴ്സുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്<br>• പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് ഊരുകളിൽ ട്യൂഷൻ നൽകുന്നതിലേയ്ക്കായി "സാമൂഹ്യ പഠനമുറി' പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>• പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് തടയുന്നതിനായി പട്ടികവർഗ്ഗത്തിൽ തന്നെയുളള ടി.ടി.സി, ബി.എഡ് പാസ്സായ യുവതി യുവാക്കളെ മെന്റർ ടീച്ചർമാരായി നിയമിക്കുന്ന ഗോത്രബന്ധു പദ്ധതി നടപ്പിലാക്കി വരുന്നു.<br>• പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഏകാധ്യാപക വിദ്യാലയങ്ങൾ, പെരിപ്പറ്ററ്റിക് സെന്ററുകൾ, ബാലവിജ്ഞാന കേന്ദ്രങ്ങൾ, വികാസ് വാടികൾ/ബാലവാടികൾ, |

കിന്റർ ഗാർട്ടനുകൾ എന്നീ സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടെയും ആയ (വർക്കർ) മാരുടെയും ഹോണറേറിയം , കുട്ടികളുടെ യൂണിഫോം അലവൻസ്, ഭക്ഷണ ചിലവ് തുടങ്ങിയവ വർദ്ധിപ്പിച്ചിട്ടുണ്ട്

- നിലവിലുള്ള ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതു കൂടാതെ 4 പുതിയ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ നടപ്പുവർഷം വാടക കെട്ടിടത്തിൽ ആരംഭിക്കുന്നുണ്ട്
- കിഫ്ബിയുടെ സഹായത്തോടെ 2 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളും 5 പ്രീമെട്രിക് ഹോസ്റ്റലുകളും നിർമ്മിക്കുന്നതിനുളള നടപടികൾ പുരോഗമിച്ചു വരുന്നു.
- കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ 2 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ ആരംഭിക്കുന്നതിന്റെ നടപടികൾ പുരോഗമിച്ചു വരുന്നു.
- അട്ടപ്പാടി, കുളത്തൂപ്പുഴ എന്നീ എം. ആർ. എസുകളിൽ പുതുതായി ഹയർസെക്കന്ററി സയൻസ്, കൊമേഴ്സ് ബാച്ചുകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്
- വകുപ്പിനു കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടേയും ഹോസ്റ്റലുകളുടെയും അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി ടോയ്ലറ്റുകൾ, ശുദ്ധജല വിതരണം, ചുറ്റുമതിൽ നിർമ്മാണം, ട്രസ്സ് വർക്ക്, സെക്യൂരിറ്റി റൂം, കുഴൽ കിണർ എന്നിവയുടെ നിർമ്മാണം നടന്നു വരുന്നു.
- ഭൗതികസൗകര്യ വികസനത്തിന്റെ ഭാഗമായി കുട്ടികൾക്ക് ആവശ്യമായ ബഞ്ച്, ഡസ്ക്ക്, പഠന മേശ, കട്ടിൽ, മെത്ത, പഠനോപകരണങ്ങൾ എന്നിവയും, വ്യക്തിത്വ വികസനത്തിന് സഹായമാകുന്ന ലൈബ്രറി സൗകര്യം, കമ്പ്യൂട്ടർ ലാബുകൾ, കായിക പരിശീലനത്തിനുള്ള ഉപകരണങ്ങൾ എന്നിവയും ഏർപ്പെടുത്തിയിട്ടുണ്ട്
- എം.ആർ.എസ്സുകളിൽ ആധുനിക രീതിയിലുള്ള സ്മാർട്ട് ക്ലാസ്സ് റൂമുകൾ നിർമ്മിച്ചിട്ടുണ്ട് കൂടാതെ പരിസ്ഥിതി സൗഹൃദ വികസനം മുൻനിർത്തി സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തി പുരോഗമിച്ചു വരുന്നു.
- കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിലേയ്ക്കായി സി.സി.റ്റി.വി. സംവിധാനവും പ്രാവർത്തികമാക്കിയിട്ടുണ്ട്
- പാലക്കാട്, കോഴിക്കോട്, തിരുവനന്തപുരം എന്നീ ജില്ലകളിൽ പെൺകുട്ടികൾക്കുവേണ്ടിയുള്ള പോസ്റ്റ്മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന്

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിച്ചു വരുന്നു.<br>• വകുപ്പിനു കീഴിലുള്ള പ്രീമെട്രിക് പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളെ യൂണിസെഫ് നിഷ്കർഷിച്ച മാതൃകയിൽ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| **(ബി)** | അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ ലഭിക്കുന്ന എന്നുറപ്പ് വരുത്തുന്നതിന് എന്തൊക്കെ പദ്ധതി കളാണുള്ളതെന്ന് വ്യക്തമാക്കുമോ; | **(ബി)** | അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗവിഭാഗക്കാർക്ക് സ്വയം തൊഴിലിനും നൈപുണ്യവികസന പരിശീലനത്തിനും സഹായം നൽകുന്നതിനായി 'ഗോത്രജീവിക' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br>• പട്ടികവർഗ്ഗവനിതകൾക്ക് ആധുനിക രീതിയിലുള്ള വസ്ത്ര നിർമ്മാണത്തിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പു വരുത്തുന്നതിന് അട്ടപ്പാടിയിൽ അപ്പാരൽ പാർക്ക് ആരംഭിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.<br>• വകുപ്പിനു കീഴിലുള്ള പരിശീലന കേന്ദ്ര ങ്ങൾ, ഐ.ടി.ഐ. എന്നിവ വഴിയും സർക്കാർ ഇതര സ്ഥാപനങ്ങൾവഴിയും തൊഴിൽ നൈപുണ്യ വികസനം ഉറപ്പാക്കിവരുന്നു.<br>• പ്രത്യേക കേന്ദ്ര സഹായപദ്ധതി, കോർപ്പസ് ഫണ്ട് എന്നിവ ഉപയോഗിച്ച് പി.എസ്.സി, ബാങ്ക് പരിശീലന പദ്ധതിയും നടപ്പിലാക്കി വരുന്നു.<br>• ഐ.റ്റി മേഖലയിൽ തൊഴിൽ ഉറപ്പു വരുത്തു ന്നതിനായി വകുപ്പിന്റെ കീഴിൽ ഒരു സെന്റർ ഓഫ് എക്സലൻസ് തിരുവനന്തപുരത്ത് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>• കൂടാതെ സാങ്കേതിക വൈദഗ്ദ്യമുള്ള ജോലി ലഭിക്കുന്നതിന് നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ, കെൽട്രോൺ, സെന്റർ ഫോർ ബയോ പോളിമർ സയൻസ് ആന്റ് ടെക്നോളജി, ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ്. സി.ഡിറ്റ്, എത്തിയോസ് എന്നീ സ്ഥാപനങ്ങളുമായി ചേർന്ന് പരിശീലനം നൽകി വരുന്നു.<br>• നിശ്ചിത വിദ്യാഭ്യാസ യോഗ്യതയുള്ള പട്ടിക വർഗ്ഗക്കാരെ പട്ടികവർഗ്ഗ മേഖലയിൽ പ്രൊമോട്ടർമാരാ യും കമ്മിറ്റഡ് സോഷ്യ ൽ വർക്കേഴ്സായും നിയമിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | • പട്ടികവർഗ്ഗക്കാരുടെ നിരക്ഷരത നിർമ്മാർജനം ചെയ്യുന്ന പദ്ധതിയായ "സമഗ്ര ആദിവാസി സാക്ഷരതാ പദ്ധതി മുഖേന നിശ്ചിത യോഗ്യത യുള്ള പട്ടികവർഗ്ഗക്കാരായ 100 പ്രേരക്മാരെ നിയമിച്ചിട്ടുണ്ട്. |
| (സി) | പ്രശസ്ത വിദേശ സർവ്വകലാശാലകളിൽ യോഗ്യത നേടുന്ന പട്ടിക വർഗ്ഗത്തിലെ വിദ്യാർത്ഥികളുടെ പഠന ചെലവ് വഹിക്കുന്നതിന് സർക്കാർ തയ്യാറാകുമോ; വിശദമാക്കുമോ? | (സി) | സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാല കളിൽ പോയി പഠനം നടത്തുന്നതിന് വിദ്യാഭ്യാസധന സഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>വിദേശത്ത് പോസ്റ്റ് ഗ്രാജ്വേറ്റ്ഡിഗ്രി, പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾക്ക് തുല്യമായ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ, എംഫിൽ, എംഫിലിന് തുല്യമായവ, പി.എച്ച്.ഡി, പോസ്റ്റ് ഡോക്ടറൽ പ്രോഗ്രാംസ് തുട ങ്ങിയ കോഴ്സുകൾക്ക് പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കാണ് വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്നത്. |

സെക്ഷൻ ഓഫീസർ